# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *33 – 03/03/2020- ലെ മറുപടിക്ക്

### സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ വളർച്ച

ചോദ്യം

**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**
**ശ്രീ. ജെയിംസ് മാത്യു**
**ശ്രീ. പി.കെ. ശശി**
**ശ്രീ. ബി.സത്യൻ**

ഉത്തരം

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | 2013-14 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ വളർച്ച ദേശീയ ശരാശരിയെക്കാൾ പിന്നിലായ തരത്തിലുള്ള മുരടിപ്പ് അവസാനിപ്പിച്ച് സമ്പദ് വ്യവസ്ഥക്ക് കൈവരിക്കാനായ വളർച്ചയെക്കുറിച്ച് അറിയിക്കാമോ; | 2013-14 മുതൽ 2015-16 വരെ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പലവിധ മാറ്റങ്ങൾ കാരണം മുരടിപ്പ് അനുഭവപ്പെട്ടെങ്കിലും അതിൽ നിന്നും വ്യത്യസ്ഥമായി അതിനുശേഷം സമ്പദ് വ്യവസ്ഥയ്ക്ക് നല്ല തോതിലുള്ള വളർച്ചയുണ്ടായിട്ടുണ്ട്. 2013-14 മുതൽ 2015-16 വരെയുള്ള കേരളത്തിന്റെ വളർച്ചാ നിരക്ക് ദേശീയ ശരാശരിയെക്കാൾ കുറവായിട്ടാണ് രേഖപ്പെടുത്തിയത്. ഇത് 2013-14 മുതൽ 2015-16 വരെ യഥാക്രമം 4.3, 3.8, 5.3 ശതമാനമാണ്. 2016-17 ൽ വളർച്ച 7.1 ശതമാനമായി വർദ്ധിക്കുകയുണ്ടായി. കേരളത്തിലെ സമ്പദ് വ്യവസ്ഥയിൽ കഴിഞ്ഞ 2 വർഷത്തിനിടയിൽ പല പ്രത്യാഘാതങ്ങളും അനുഭവപ്പെട്ടു. 2017 ലെ ഓഖി ചുഴലിക്കാറ്റ്, 2018, 2019 വർഷങ്ങളിലെ പ്രളയം എന്നിവ കേരളത്തിലെ സമ്പദ് വ്യവസ്ഥയ്ക്ക് പല തിരിച്ചടികളും ഉണ്ടാക്കി. പ്രവാസികളുടെ മടങ്ങിവരവും സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചു. ഈ പ്രതികൂലാവസ്ഥയിലും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിലുള്ള വളർച്ച 2017-18 ൽ 6.8 ശതമാനമായിരുന്നത് 2018-19 ൽ 7.5 ശതമാനമായി വർദ്ധിച്ചു.<br>2017-18, 2018-19 എന്നീ വർഷങ്ങളിൽ കൃഷി, മത്സ്യബന്ധനം എന്നീ മേഖലകളിൽ വ്യക്തമായ വളർച്ച രേഖപ്പെടുത്തി. ഇത് 2017-18 ൽ 11.1 ശതമാനവും 2018-19 ൽ 6.6 ശതമാനവുമാണ്. നിർമ്മാണ മേഖലയിൽ 2017-18 ൽ 4 ശതമാനം രേഖപ്പെടുത്തിയ വളർച്ച 2018-19 ൽ 6.3 ശതമാനമായി വർദ്ധിച്ചു. ഉൽപാദന മേഖലയിൽ |

| | | |
|---|---|---|
| | | അഭ്രതപൂർവ്വമായ വളർച്ചയാണ് കേരളത്തിൽ അനുഭവപ്പെട്ടത്. 2016-17, 2017-18, 2018-19 വർഷങ്ങളിൽ യഥാക്രമം 18.2, 3.7, 11.2 ശതമാനം വളർച്ച രേഖപ്പെടുത്തി. മൊത്ത സംസ്ഥാന മൂല്യ വളർച്ചയിൽ ഉൽപാദന മേഖലയിലെ വിഹിതം 2014-15 ൽ 9.8 ശതമാനമായിരുന്നത് 2018-19 ൽ 13.2 ശതമാനമായി വർദ്ധിച്ചു. കേന്ദ്ര സർക്കാരിന്റെ വാർഷിക വ്യാവസായിക സർവ്വേ അനുസരിച്ച് ഇന്ത്യയുടെ ഫാക്ടറി മേഖലയിൽ കേരളത്തിന്റെ പങ്ക് 2014-15 ൽ 1.2 ശതമാനമായിരുന്നത് 2016-17 ൽ 1.6 ശതമാനമായി വർദ്ധിച്ചു. കേരളത്തിന്റെ പൊതു മേഖലാ സ്ഥാപനങ്ങൾ പൊതുവെ 2016-17 മുതൽ വളർച്ചയുടെ പാതയിലാണ്. കെമിക്കൽസ്, ഇലക്ട്രിക്കൽ മേഖല, പുതിയ സംരംഭമായ പെട്രോളിയം റിഫൈനിംഗ് എന്നിവയിൽ പുത്തൻ ഉണർവ്വ് സംഭവിച്ചു. |
| (ബി) | കേന്ദ്ര സർക്കാർ വിവേചനപരമായി സംസ്ഥാനത്തിനുള്ള നികുതി വിഹിതം, വായ്പയെടുക്കാനുള്ള പരിധി എന്നിവ കുറച്ചതു കാരണം ഉണ്ടാകുന്ന റവന്യൂ ഇടിവ് വികസന ക്ഷേമ പദ്ധതികളെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ; | കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടേയും നോട്ട് നിരോധനത്തിന്റേയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടേയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റേയും ചരക്ക്സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃതവായ്പ പരിധി വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷികവായ്പാ പരിധിയ്ക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാപരിധി ഉയർത്തുന്നതിനോ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല. എന്നാൽ, രാജ്യത്താകമാനമുള്ള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ പൊതുവിപണിയിൽ നിന്നും 1471 കോടി രൂപ കൂടി കടമെടുക്കാൻ കേന്ദ്രസർക്കാർ ഇപ്പോൾ അനുമതി നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| | | അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. ഈ സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിനിടയിലും, സാമൂഹ്യക്ഷേമ ചെലവുകളും വികസന ചെലവുകളും വെട്ടിക്കുറയ്ക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.<br>സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കായി നടത്തിയ മസ്റ്ററിംഗിൽ 2019 ഡിസംബർ 15-നുള്ളിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്കെല്ലാം തന്നെ 2019 സെപ്തംബർ മാസം വരെയുള്ള സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ വിതരണം ചെയ്തിട്ടുണ്ട്.<br>ബജറ്റിനു പുറത്ത് നമ്മുടെ ഭാവി വരുമാനത്തിന്റെ ഈടിൽ വലിയ തോതിൽ ധനം സമാഹരിച്ച് പൊതു നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കായി കിഫ്ബി വഴി നാളിതുവരെ 54,391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഈ പ്രതികൂല സാഹചര്യത്തിൽ കിഫ്ബിയെ സംശയത്തിന്റെ കരിനിഴലിലാഴ്ത്തി വികസനം മന്ദീഭവിപ്പിക്കാൻ വിവിധ കോണുകളിൽ നിന്നുള്ള ദുരുപദിഷ്ട നീക്കം തുറന്നു കാട്ടാനായിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ? | കിഫ്ബിയെയോ അതിന്റെ പ്രവർത്തനങ്ങളെയോ സംബന്ധിക്കുന്ന ആക്ഷേപങ്ങൾ ഉയർന്ന വേളയിലെല്ലാം തന്നെ വസ്തുതകൾ നിരത്തിയുള്ള മറുപടികൾ നൽകുവാനും അവ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനുമുള്ള നടപടികൾ സ്വീകരിച്ചിരുന്നു. സമൂഹമാധ്യമങ്ങളും മറ്റ് ഉപാധികളും ഉപയോഗിച്ച് നടത്തിയ ഈ പ്രവർത്തനങ്ങൾ ആക്ഷേപങ്ങൾ സംബന്ധിച്ച യാഥാർത്ഥ്യം പൊതുസമൂഹത്തിനു മുന്നിൽ ഫലപ്രദമായി എത്തിക്കുന്നതിനു സഹായകമായി. കിഫ്ബി അതിന്റെ എല്ലാ പ്രവർത്തികളിലും സുതാര്യത പുലർത്തുന്ന ഒരു സ്ഥാപനമാണ്. പദ്ധതികളുടെ അവലോകനം മുതൽ അവയുടെ നിർവ്വഹണത്തിനായുള്ള ഫണ്ട് വിതരണം വരെ കൈകാര്യം ചെയ്യുന്ന എല്ലാ വിഷയങ്ങളെ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്കും കരാറുകാർക്കും പരിശോധിക്കാവുന്ന തലത്തിലുള്ള സംവിധാനം കിഫ്ബിയിൽ നിലവിലുണ്ട്. കിഫ്ബിയുടെ വാർഷിക ഓഡിറ്റ് റിപ്പോർട്ട്, വാർഷിക പ്രവർത്തന റിപ്പോർട്ട്, ദ്വൈമാസിക ന്യൂസ്-ലെറ്റർ തുടങ്ങി ധനസഹായം നൽകുന്ന പദ്ധതികളുടെ ഏറ്റവും പുതിയ വിവരങ്ങൾ വരെ കിഫ്ബിയുടെ ഔദ്യോഗിക |

| | | |
|---|---|---|
| | | വെബ്സൈറ്റിൽ പൊതുജനങ്ങൾക്കും നിക്ഷേപകർക്കുമായി ലഭ്യമാക്കിയിട്ടുണ്ട്. കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട ബില്ലുകളുടെ തത്സമയ നില കരാറുകാരന് അറിയുന്നതിനായി ഓൺലൈൻ ബിൽ ട്രാക്കിങ് സംവിധാനവും കിഫ്ബിയിൽ നിലവിലുണ്ട്. പൊതുജനങ്ങൾക്ക് പദ്ധതികളെയോ പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന പരാതികളോ അഭിപ്രായങ്ങളോ രേഖപ്പെടുത്തുന്നതിനായുള്ള ഓൺലൈൻ സംവിധാനവും കിഫ്ബിയുടെ ഔദ്യോഗിക വെബ്സൈറ്റിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. കിഫ്ബിയുടെ പ്രവർത്തനങ്ങളും ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ വിവരങ്ങളും പൊതുജനങ്ങളുടെ ഇടയിൽ പരമാവധി എത്തിക്കുവാനും ഇവ സംബന്ധിക്കുന്ന ആശങ്കകൾ ഏതെങ്കിലും ഉണ്ടാകുന്ന പക്ഷം അവ ദൂരീകരിക്കുന്നതിനായുള്ള നടപടികൾ ഫലപ്രദമാക്കുവാനും എല്ലാ ഘട്ടത്തിലും ശ്രദ്ധപുലർത്തുന്നുണ്ട്. ഇതിനെല്ലാം പുറമെ കിഫ്ബിയുടെ ജില്ലാതല പൊതുജന ബോധവൽക്കരണ പരിപാടിയായ 'കേരള നിർമിതി' യിലൂടെ കിഫ്ബിയുടെ പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിക്കുന്ന ശരിയായ വിവരങ്ങൾ പൊതുസമൂഹത്തിനു മുന്നിൽ എത്തിക്കുവാനും സംശയങ്ങൾ ദൂരീകരിക്കുന്നതിനും സാധിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**